ശ്രീ. എസ്. ശർമ്മ : പ്രോജക്ടുകളുടെ നിർമ്മാണം ടെണ്ടർ വിളിച്ചിട്ടാണ് നടത്തുന്നത്.

കെ.എസ്.ഇ.ബി. ആഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം

2 (*482) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. നാലകത്ത്സൂപ്പി :
ശ്രീ. എം. കെ.മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് പൂർത്തിയാക്കാൻ എന്തു തുക ചെലവു വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ) ഉണ്ട്.

(ബി) ഇത് സംബന്ധിച്ചുള്ള ഇൻഫർമേഷൻ ടെക്നോളജി പോളിസിക്ക് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) കമ്പ്യൂട്ടർവൽക്കരണം ഘട്ടംഘട്ടമായിട്ടാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്, അതിന്റെ മൊത്തം ചെലവ് ഇപ്പോൾ കണക്കാക്കാൻ കഴിയുകയില്ല.

ശ്രീ. സി. മൊയിൻകുട്ടി : ഇൻഫർമേഷൻ ടെക്നോളജി പോളിസിക്ക് ബോർഡ് അംഗീകാരം നൽകിയതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; മോഡേണൈസേഷന്റെ ഭാഗമായി ഉപഭോക്താവിനെ ഇതൊക്കെ എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി പഠിച്ചിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : ഇവിടെ വിശദീകരിച്ചിട്ടുള്ള ഊർജ്ജ നയത്തിൽ വിവിധ കർമ്മ സമിതികൾ പഠനം നടത്തി, അതിനെ അടിസ്ഥാനമാക്കിക്കൊണ്ട് സ്ഥാപനത്തിന്റെ സിസ്റ്റം ആധുനികവൽക്കരിക്കുന്നതിന് വേണ്ടിയുള്ള പ്രാധാന്യത്തെപ്പറ്റി അവരുടെ റിപ്പോർട്ടിൽ വ്യക്തമാക്കുകയുണ്ടായി. മറ്റു പല മേഖലകളിലും എന്നതുപോലെ കാര്യക്ഷമതയും പ്രാപ്തിയും ഈ മേഖലയിലും കൈവരിക്കാൻ കഴിയേണ്ടതായിട്ടുണ്ട്, എന്നതിനെ അടിസ്ഥാനമാക്കിക്കൊണ്ടാണ് അവരുടെ നിർദ്ദേശം വന്നിരിക്കുന്നത്. ഇതിന് വേണ്ടി ഫിനാൻസ് മെമ്പർ ശ്രീ. മാത്യു ചെയർമാനായി രൂപീകരിച്ച കോർഗ്രൂപ്പ് ഏതെല്ലാം രൂപത്തിൽ ഇത് പ്രായോഗികമായി നടപ്പാക്കാൻ കഴിയും എന്ന് പരിശോധിച്ചുകൊണ്ട് ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ organisational set up അതുപോലെ I.T. standard, hardware and software inventry, office automation, quality assurance, I.T. training തുടങ്ങി വിവിധ തലങ്ങളിൽ ഘട്ടം ഘട്ടമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മൊയിൻകുട്ടി : മോഡേണൈസേഷന്റെ ഭാഗമായി കെ.എസ്.ഇ.ബി.-യിൽ കമ്പ്യൂട്ടർവൽക്കരണം പ്രാവർത്തികമാക്കുന്നതോടുകൂടി ജീവനക്കാർക്ക് അത് സംബന്ധിച്ചുള്ള ട്രെയിനിംഗ് നൽകുമോ ; നിലവിലുള്ള ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടുമോ; അങ്ങനെ നഷ്ടപ്പെടുകയാണെങ്കിൽ അവരുടെ ഭാവിയെക്കുറിച്ച് ഗൗരവമായി ചിന്തിച്ചിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : നിലവിലുള്ള ജീവനക്കാർക്ക് തൊഴിൽ സംരക്ഷണം ഉറപ്പാക്കിക്കൊണ്ട്, അവർക്ക് ഈ മേഖലയിൽ പുതിയ ട്രെയിനിംഗ് നൽകി അവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള ഒരു സംവിധാനമാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. കെ. മുനീർ : ചോദ്യം 482 (സി)-യുടെ മറുപടിയിൽ കമ്പ്യൂട്ടർവൽക്കരണം ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്നു പറയുകയുണ്ടായി. അതിന് എത്ര കാലതാമസം ഉണ്ടാകുമെന്നും എത്ര സമയത്തിനുള്ളിൽ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ സാധിക്കുമെന്നും പറയാമോ ?

ശ്രീ. എസ്. ശർമ്മ : രണ്ടു വർഷമാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. കെ. മുനീർ : സോഫ്ട് വെയർ ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട് അതിനെക്കുറിച്ച് ജ്ഞാനമുള്ള കമ്പ്യൂട്ടർ ലിറ്ററേറ്റ്സ് ഉണ്ടെങ്കിൽ മാത്രമേ പ്രാരംഭ ഘട്ടത്തിൽ കമ്പ്യൂട്ടർവൽക്കരണത്തെ അതിന്റെ പൂർണ്ണ അർത്ഥത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കൂ എന്നുള്ളതുകൊണ്ട്, ഇതിൽ കഴിവുള്ള ആളുകളെ കണ്ടെത്തി അവർക്ക് ആദ്യമായി ട്രെയിനിംഗ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ശ്രീ. എസ്. ശർമ്മ : ഇതിൽ കഴിവുള്ള ആളുകളുടെ സേവനം ആദ്യഘട്ടത്തിൽ തന്നെ പ്രയോജനപ്പെടുത്തുന്നതിനുള്ള നീക്കം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ബാലൻ : കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ആദ്യം തന്നെ വൈദ്യുതി ഭവൻ കമ്പ്യൂട്ടർവൽക്കരണ നെറ്റ്വർക്കിൽ പൂർണ്ണമായും കൊണ്ടുവരുമോ ; അതുപോലെ സെക്രട്ടേറിയറ്റിൽ ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുപോലെ പഞ്ചിംഗ് സംവിധാനം കൂടി കൊണ്ടുവരുന്നതിന് സർക്കാർ ആലോചിക്കുമോ ?

ശ്രീ. എസ്. ശർമ്മ : ആലോചിക്കാവുന്ന നിർദ്ദേശമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇവിടെ ആധുനികവൽക്കരണത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇലക്ട്രിസിറ്റി ബോർഡിൽ ജനകീയാസൂത്രണത്തിന്റെ മോഡലിൽ പ്രത്യേകമായി ട്രെയിനിംഗ് കൊടുക്കുന്നതിനും അതിനുതാഴെയുള്ള ആളുകൾക്ക് പ്രത്യേകമായി ട്രെയിനിംഗ് സ്കീം നടപ്പിലാക്കുന്നതിനും അങ്ങനെ ഇലക്ട്രിസിറ്റി ബോർഡിൽ ജനകീയാസൂത്രണത്തിന്റെ ഒരു പുതിയ മോഡൽ ആവിഷ്ക്കരിക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ടോ ; എത്ര ലക്ഷം രൂപ അതിനുവേണ്ടി മാറ്റിവച്ചു എന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : ജനകീയാസൂത്രണം സംസ്ഥാനത്ത് എല്ലാ വകുപ്പുകളുടെയും സഹായ സഹകരണത്തോടുകൂടി നടത്തിവരുന്ന ഒന്ന് എന്ന നിലയ്ക്ക് അതിലൊരു പങ്ക് കൺസ്യൂമേഴ്സിന് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി പോകുന്നുണ്ട്. അതിൽ പ്രത്യേകമായി ഫണ്ട് മാറ്റിവയ്ക്കേണ്ടതായ ഒരു പ്രശ്നമോ അത്തരത്തിൽ ഒരു ചർച്ചയോ നടന്നിട്ടില്ല. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. പി. വിശ്വൻ : കമ്പ്യൂട്ടർവൽക്കരണത്തോടുകൂടി ഉപഭോക്താക്കൾക്ക് വലിയ ഗുണം ലഭിക്കുന്നതാണ്. എന്നാൽ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതോടൊപ്പം കെ.എസ്.ഇ.ബി.- യുടെ വാടകയ്ക്കു പ്രവർത്തിക്കുന്ന ആഫീസുകൾ മാറ്റി സ്വന്തമായി ആഫീസ് കെട്ടിടങ്ങൾ ഉണ്ടാക്കാനുള്ള ഒരു നടപടിക്കുകൂടി സർക്കാർ നേതൃത്വം കൊടുക്കുമോ; ഇന്ന് വാടക കെട്ടിടങ്ങളാണ് ഭൂരിഭാഗവും പ്രവർത്തിക്കുന്നത്. വൻ വാടക കൊടുക്കേണ്ടി വരുന്ന സ്ഥിതിയാണ് ഇന്നുള്ളത്. അതുകൊണ്ട് കമ്പ്യൂട്ടർവൽക്കരണം വിപുലപ്പെടുത്തുന്നതോടുകൂടി ഇക്കാര്യത്തിലും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : ബോർഡിന് സ്ഥലം ഉള്ള പ്രദേശം തെരഞ്ഞെടുത്തു കൊണ്ടും പുതിയ സ്ഥലം കണ്ടെടുത്തുകൊണ്ടും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഹഡ്കോ വായ്പ നൽകാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. പി. പി. തങ്കച്ചൻ : കമ്പ്യൂട്ടർവൽക്കരണത്തിന്റെ കാര്യത്തിൽ ഇലക്ട്രിസിറ്റി ബോർഡിലെ വിവിധ യൂണിയനുകളിലെ പ്രതിനിധികൾക്ക് വലിയ ആശങ്ക ഉണ്ട്. അവർ ഇക്കാര്യം പരസ്യമായി പ്രഖ്യാപിക്കുകയും രേഖാമൂലം ബോർഡ് അധികൃതർക്ക് എഴുതിക്കൊടുത്തിട്ടുമുണ്ട്. അവരെ വിളിച്ചുകൂട്ടി ചർച്ച നടത്തി അവരുടെ ആശങ്കകൾ പരിഹരിച്ചതിനുശേഷം മാത്രമേ കമ്പ്യൂട്ടർ വൽക്കരണം നടപ്പാക്കുകയുള്ളൂ എന്നുള്ള ഒരു നിലപാട് സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : യഥാസമയം അവരുമായി ചർച്ച നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ശ്രീ. എം. വി. ജയരാജൻ : കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുമ്പോൾ നിലവിലുള്ള ജീവനക്കാരുടെ എണ്ണം കുറയ്ക്കേണ്ടി വരുമോ ; നിലവിലുള്ള ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായകരമായ വിധത്തിലാണോ ഇത് നടപ്പിലാക്കുക ; അതിനെ സംബന്ധിച്ച് എന്തെങ്കിലും വർക്ക് സ്റ്റഡി ബോർഡ് നടത്തിയിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : വർക്ക് സ്റ്റഡി നടത്താനുള്ള തീരുമാനം എടുക്കുന്നുണ്ട്.

ശ്രീ. കെ. എം. മാണി : ഇലക്ട്രിസിറ്റി ബോർഡ് മുഴുവൻ കമ്പ്യൂട്ടറൈസ് ചെയ്യുമ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ സോഫ്ട്വെയർ ഇൻസ്റ്റിറ്റ്യൂട്ടുകളെ അതിന്റെ ചുമതല ഏല്പിക്കാൻ തയ്യാറാകുമോ ; അങ്ങനെ ചുമതല ഏൽപ്പിക്കുകയാണെങ്കിൽ ഇവിടെ കൂടുതൽ കമ്പ്യൂട്ടർ സോഫ്ട് വെയർ വ്യവസായം മുളച്ചുവരുന്നതിന് ഒരു പ്രോത്സാഹനമായിത്തീരും. ടെക്നോപാർക്ക് പോലുള്ള സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന നല്ല സോഫ്ട് വെയർ യൂണിറ്റുകൾ കേരളത്തിലുള്ള സ്ഥിതിക്ക് പുറത്തുള്ള യൂണിറ്റുകളെ ഏൽപ്പിക്കാതെ അവരെ ആ ചുമതല ഏൽപ്പിക്കാൻ തയ്യാറാകുമോ ?

ശ്രീ. എസ്. ശർമ്മ : മാനദണ്ഡത്തിനു വിധേയമായി ആ നിർദ്ദേശം പരിഗണിക്കുന്നതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ : കെ.എസ്.ഇ.ബി. ആഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും പ്രാപ്തി കൂട്ടാനുമായി കമ്പ്യൂട്ടർവൽക്കരിക്കുന്നത് നല്ലതു തന്നെ. പക്ഷെ ഇന്ന് ബിൽഡിംഗ് യൂണിറ്റുകളിലും മറ്റുമുള്ള അപാകതകൾ കൊണ്ടും ഗവൺമെന്റിന്റെ പ്രഖ്യാപിത നയങ്ങൾമൂലവും പ്രത്യേകിച്ച് നെൽക്കൃഷിക്കാർക്ക് വൈദ്യുതി പൂർണ്ണമായും സൗജന്യമാണ്. മറ്റ് കൃഷിക്കാർക്ക് രണ്ട് ഹെക്ടർ വരെ സൗജന്യമാണ്. കൃഷി ഡിപ്പാർട്ടുമെന്റ് ഇലക്ട്രിസിറ്റി ബോർഡിനു പണം നൽകുകയും ചെയ്യും. ഇതിൽ എവിടെയോ അപാകതകൾ വന്നതുകൊണ്ട് വേനൽക്കാലത്തുപോലും വൈദ്യുതി വിച്ഛേദിക്കുന്ന സംഭവങ്ങൾ ധാരാളമായി നടക്കുന്നുണ്ട്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഒരു കാരണവശാലും സർക്കാരിന്റെ പ്രഖ്യാപിത നയമനുസരിച്ചുള്ള വൈദ്യുതി ഉപയോഗത്തിന് വിച്ഛേദിക്കൽ ഉണ്ടാകരുത് എന്നുള്ള നിർദ്ദേശം നൽകുമോ ?

ശ്രീ. എസ്. ശർമ്മ : ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമാണ്. കൃഷി വകുപ്പുമായി ആലോചിച്ചതിനുശേഷം കണക്ഷൻ വിച്ഛേദിക്കാതിരിക്കാനുള്ള നിർദ്ദേശം കൊടുക്കുകയും അതേസമയം കൊടുക്കാനുള്ള പൈസ അതിവേഗത്തിൽ കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

ദക്ഷിണമേഖലയിലെ വൈദ്യുതി നിലയങ്ങളിൽ നിന്നും കേരളത്തിന് ലഭിച്ച വൈദ്യുതി

3 (*483) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദക്ഷിണ മേഖലയിലെ വൈദ്യുതി കേന്ദ്രങ്ങളിൽ നിന്ന് കേരളത്തിന് ലഭിച്ചിരുന്ന വൈദ്യുതി വിഹിതം നിർത്തലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പുന:സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ദക്ഷിണ മേഖലയിലെ കേന്ദ്ര വൈദ്യുത നിലയങ്ങളിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി നിരക്ക് ഏകീകരിക്കാത്തതുമൂലം കായംകുളം താപ വൈദ്യുതി നിലയത്തിൽ നിന്നുള്ള വൈദ്യുതി വാങ്ങൽ സംസ്ഥാനത്തെ വൈദ്യുതി ബോർഡിന് നഷ്ടം വരുത്തിയേക്കാനിടയുണ്ടെന്ന സംഗതി സർക്കാരിന് ബോദ്ധ്യമായിട്ടുണ്ടോ ;

LIBRARY, ARCHIVES Kerala Legislative Assembly